LIBRARY ARCHIVES Kerala Legislative Assembly

20(2)-നെക്കാൾ വിശാലവും സമ്പൂർണ്ണവുമാണെന്ന് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലെ സി&എ.ജിയുടെ ഓഡിറ്റ് സംബന്ധിക്കുന്ന വിധിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1)-നെക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. കൂടാതെ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് സി&എ.ജി നിരുപാധികമായ അധികാര പരിധിയിൽ വരുന്നതാണെന്നിരിക്കെ സെക്ഷൻ 20(2) ഓഡിറ്റിന് ഒരു നടപടിക്രമത്തിലൂടെ നേടിയെടുക്കേണ്ടതാണ്. സമ്പൂർണ്ണമായ ഓഡിറ്റിങ് അധികാരം ഉണ്ടെന്നിരിക്കെ ഇങ്ങനെ ഒരു നടപടി അപ്രസക്തമാണെന്നത് സർക്കാർ സി&എ.ജിയെ അറിയിച്ചിട്ടുണ്ട്.

കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

49 (1773) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്താൻ ടെറാനസ് എന്ന സ്വകാര്യകമ്പനിയെ ചുമതലപ്പെടുത്തിയിരുന്നോയെന്നും ഇതിനെതിരെ പരാതികളുയർന്നപ്പോൾ സി.എം.ഡി. എന്ന മറ്റൊരു ഏജൻസിയെ ഏല്പിച്ചിരുന്നോയെന്നും അറിയിക്കാമോ?

കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. വർദ്ധിച്ചുവരുന്ന പദ്ധതികളുടെ ബാഹുല്യം കണക്കിലെടുത്തുകൊണ്ട് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന് പുറമെ പദ്ധതികളുടെ അപ്രൈസൽ നടത്തുനതിനായി ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തെ നിയോഗിക്കുന്നതുവരെ കിഫ്ബിയുടെ പ്രൊജക്ട് അഡ്വൈസർ കൺസൽട്ടന്റിനായി ഷോർട്ട് ക്വട്ടേഷൻ വിളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാക്സിമസ് എഞ്ചിനീയറിംഗ് & ഡെവലപ്മെന്റ് സർവീസസ് എന്ന സ്ഥാപനവും, ടെറനസ്സ് കൺസൽട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ക്വാട്ട്ചെയ്യുകയും അവരിൽനിന്നും എൽ 1 ബിഡറായ ടെറനസ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ടെറനസ്സിന്റെ സേവനം മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ലഭ്യമാക്കിയിരുന്നു.

(ബി) എങ്കിൽ സി.എം.ഡി. ഗ്രണനിലവാര പരിശോധനയ്ക്കായി ടെറാനസ് കമ്പനിയെ തന്നെ ചുമതലപ്പെടുത്തിയോ; എങ്കിൽ ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പ്രവൃത്തികളുടെ ഗ്രണനിലവാരം പരിശോധിക്കാൻ കിഫ്ബി ആക്ടപ്രകാരം സ്ഥാപിതമായ ഇൻസ്പെക്ഷൻ അതോറിറ്റിയുണ്ട്. ഗ്രണനിലവാര പരിശോധനയ്ക്കായി വേറെ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പി.ഡബ്യു.ഡി മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള ഇൻഡിപെൻഡന്റ് ക്വാളിറ്റി ഓഡിറ്റ് നടത്തുന്നതിനായി എസ്.പി.വി.-കൾക്കുവേണ്ടി കേന്ദ്ര പൊതുമേഖല സ്ഥാപനമായ RITES നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മാനന്തവാടി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

50 (1774) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു. ആംബുലൻസ് വാങ്ങിയതുമായി ബന്ധപ്പെട്ട ബിൽതുക വാഹനം നൽകിയ കമ്പനിക്ക് നൽകിയിട്ടുണ്ടോ?

2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു ആംബുലൻസ് വാങ്ങൽ എന്ന പ്രവൃത്തിയുടെ ബിൽതുക വാഹനം നൽകിയ കമ്പനിക്ക് അനുവദിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ അതിന്റെ കാരണവും പ്രസ്തുത ഫയൽ നിലവിൽ എവിടെയാണെന്നും അറിയിക്കാമോ?

ഫണ്ട് അനുവദിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly